**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4068**

**12-11-2019 - ലെ മറുപടിക്ക്**

**ആസ്തി വികസന ഫണ്ട് പ്രവൃത്തികളുടെ ഫൈനൽ പേയ്മെന്റിന് അനുമതി**

| ചോദ്യം<br><br>**ശ്രീ.കെ.എൻ.എ.ഖാദർ** | മറുപടി<br><br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) ആസ്തി വികസന ഫണ്ട് പ്രയോജനപ്പെടുത്തി നിർവ്വഹിച്ച പ്രവൃത്തികളുടെ ഫൈനൽ പേയ്മെന്റ് അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിൽ നിന്ന് അനുമതി നൽകി വരുന്നതിന്റെ നടപടിക്രമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | ആസ്തി വികസന ഫണ്ട് പ്രവൃത്തികളുടെ പേയ്മെന്റ് LC/LOC വഴിയായിരുന്നത് കാലതാമസം വരുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയതിന് മാറ്റം വരുത്തി അലോട്ട്മെന്റ് വഴി അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) പേയ്മെന്റ് അലോട്ട്മെന്റായി തന്നെ നൽകണമെന്ന പുതിയ നിബന്ധന വച്ചിട്ടുണ്ടോ;അതിന് ആധാരമാക്കിയ വസ്തുതകൾ വെളിപ്പെടുത്താമോ; | പേയ്മെന്റ് അലോട്ട്മെന്റായി നൽകണം എന്ന നിബന്ധന നിലനിൽക്കുന്നുണ്ട്. |
| സി) മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രസ്തുത പേയ്മെന്റിന് ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ,അത് പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകാമോ;വിശദമാക്കാമോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

**സെക്ഷൻ ഓഫീസർ**